# 4

# വസ്ത്രത്തിന്റെ നാൾവഴികൾ






ചിത്രങ്ങൾ നിരീക്ഷിക്കൂ.

ഈ ജീവജാലങ്ങൾ കടുത്ത ചൂട്, അസഹനീയമായ തണുപ്പ് തുടങ്ങിയ സാഹചര്യങ്ങളെ എങ്ങനെയാണ് അതിജീവിക്കുന്നത്?

ആടിന്റെ രോമാവരണവും തത്തയുടെ തൂവലുകളും ആമയുടെ പുറംതോടും പ്രതികൂല കാലാവസ്ഥയിൽ ഒരു വസ്ത്രംപോലെ സംരക്ഷണം ഒരുക്കുന്നു. എന്നാൽ മനുഷ്യർ ഇത്തരം സാഹചര്യങ്ങളെ എങ്ങനെയാണ് നേരിട്ടതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

- മനുഷ്യർക്ക് ആവശ്യമായ വസ്ത്രങ്ങൾ പ്രകൃതിയിൽ നിന്നുള്ള വിഭവങ്ങൾ കൊണ്ടുതന്നെ രൂപപ്പെടുത്തേണ്ടിവന്നു.
- 
- 

ഇന്ന് മനുഷ്യർ ഏതെല്ലാം തരത്തിലുള്ള വസ്ത്രങ്ങളാണ് ഉപയോഗിക്കുന്നത്?

വസ്ത്രം നമുക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുന്നു?

കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കൂ.

- തണുപ്പിൽ നിന്ന് സംരക്ഷണം
- ചൂടിൽ നിന്ന് സംരക്ഷണം
- ശരീരത്തിലെ ചൂട് നിലനിർത്തുന്നു
- പ്രാണികളിൽ നിന്ന് സംരക്ഷണം
- 
- 

നമ്മൾ ഉപയോഗിക്കുന്ന വസ്ത്രത്തിന് ദീർഘകാലത്തെ ചരിത്രമുണ്ട്. ഇന്ന് ഉപയോഗിക്കുന്ന വൈവിധ്യമാർന്ന വസ്ത്രങ്ങളുടെ രൂപകല്പനയിലേക്ക് നമ്മൾ എത്തിച്ചേർന്നത് എങ്ങനെയെന്ന് നോക്കാം.

ചിത്രങ്ങൾ നിരീക്ഷിക്കൂ.





ഏതെല്ലാം വസ്തുക്കളാണ് ആദിമമനുഷ്യർ വസ്ത്രമായി ഉപയോഗിച്ചിരുന്നത്?

| |
|---|
| • മരവുരി |
| • |
| • |

വേട്ടയാടി ജീവിച്ചിരുന്ന കാലത്ത് സ്വന്തം ചുറ്റുപാടുകളിൽ നിന്ന് ലഭിച്ച വസ്തുക്കളായിരുന്നു മനുഷ്യർ വസ്ത്രമാക്കി ഉപയോഗിച്ചിരുന്നത്. പുല്ല്, ഇലകൾ, മരത്തോൽ (മരവുരി), മൃഗങ്ങളുടെ തോൽ എന്നിവ ഉപയോഗിച്ച് വസ്ത്രങ്ങൾ ഉണ്ടാക്കി. മൃഗങ്ങളുടെ കൊമ്പ്, എല്ല് എന്നിവ സൂചികളാക്കി വസ്ത്രനിർമ്മാണത്തിനുള്ള ഉപകരണങ്ങളാക്കി. മിനുസപ്പെടുത്തിയ കല്ലുകളെ ആയുധങ്ങളാക്കി ഉപയോഗിച്ചിരുന്ന കാലഘട്ടത്തിൽ വസ്ത്രങ്ങൾ തുന്നുന്നതിന് കൽസൂചി സഹായിച്ചു. മൃഗങ്ങളുടെ തോൽ, രോമം എന്നിവ വൃത്തിയാക്കിയും മയപ്പെടുത്തിയും അവർ വസ്ത്രമാക്കിയിരുന്നു.


കൽസൂചി


ആദിമമനുഷ്യരുടെ വസ്ത്രനിർമാണം ഇന്നത്തേത് പോലെ ആയിരുന്നില്ല. എന്തായിരിക്കും കാരണം?

## നെയ്ത്തുവിദ്യയിലേക്ക്

ചുറ്റുപാടുകളിൽനിന്ന് ശേഖരിച്ച നാരുകളാണ് ആദ്യകാലങ്ങളിൽ വസ്ത്രനിർമ്മാണത്തിനായി ഉപയോഗിച്ചത്.

നാരുകൾ കൂട്ടിച്ചേർത്ത് പിരിച്ച് നീളമുള്ള നൂലുകളാക്കി. ഇത്തരത്തിലുള്ള നൂല് ഉപയോഗിച്ച് തുണിയുണ്ടാക്കുന്ന വിദ്യയാണ് നെയ്ത്ത്.

### സിന്ധുനദീതടത്തിലെ വസ്ത്രം

ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് നിലനിന്നിരുന്ന പ്രാചീന നദീതട സംസ്കാരമാണ് സിന്ധുനദീതട സംസ്കാരം. സിന്ധു ജനത പരുത്തിയും കമ്പിളി വസ്ത്രങ്ങളും നിർമ്മിച്ചിരുന്നതായി, ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാവുന്നതാണ്. അവിടെ നിന്ന് ലഭിച്ച കുപ്പായമണിഞ്ഞ പ്രതിമകൾ അവിടത്തെ ജനതയുടെ വസ്ത്രധാരണരീതിയെ പ്രതിഫലിപ്പിക്കുന്നു. പരുത്തി ഇവിടെ നിന്ന് മറ്റ് ദേശങ്ങളിലേക്ക് കൊണ്ടുപോയിരുന്നതായി കരുതുന്നു.

കാലക്രമേണ തുണി നെയ്തെടുക്കുന്ന വിദ്യ കൂടുതൽ വികാസം പ്രാപിച്ചു. ആദ്യകാലത്ത് പരുത്തിയിൽ നിന്നും ചണത്തിൽ നിന്നും നിർമ്മിച്ച നൂൽ ഉപയോഗിച്ച് കൈകൾകൊണ്ടു മാത്രമാണ് തുണി നിർമ്മിച്ചിരുന്നത്. മൃഗങ്ങളുടെ തോലിനേക്കാൾ മെച്ചപ്പെട്ടതാണ് നൂൽകൊണ്ട് നെയ്തെടുത്ത തുണികൾ എന്ന തിരിച്ചറിവ് നെയ്ത്തുവസ്ത്രങ്ങളുടെ വ്യാപനത്തിന് ഇടയാക്കി. മരംകൊണ്ട് നിർമ്മിച്ച തറികൾ ഉപയോഗിച്ച് തുണി നിർമ്മിക്കുന്ന രീതി പിന്നീട് വികാസം പ്രാപിച്ചു.

മനുഷ്യരുടെ വസ്ത്രാവശ്യം വർധിച്ചത് നെയ്ത്ത് ഉപകരണങ്ങളുടെ കണ്ടുപിടിത്തത്തിന് വഴിതെളിച്ചു. ഇത് നെയ്ത്ത് വേഗത്തിലാക്കാൻ സഹായിച്ചു. നൂൽ ഉപയോഗിച്ച് കൈത്തറിയിൽ നെയ്യുന്ന തുണികളാണ് കൈത്തറിതുണികൾ.


ആദ്യകാല നൂൽനൂല്പ് യന്ത്രം


കൈത്തറി

കൈത്തറിയുടെ കണ്ടുപിടിത്തം വസ്ത്രനിർമ്മാണരംഗത്ത് മുന്നേറ്റം ഉണ്ടാക്കി. നീലം (Indigo) ചെടിയിൽ നിന്ന് ഉണ്ടാക്കിയ ചായം കൊണ്ട് വസ്ത്രങ്ങൾക്ക് നിറം നൽകി. കാലക്രമേണ, തുണി നെയ്യുന്ന വിദ്യ കൂടുതൽ പ്രചാരത്തിലായി.


പരുത്തി (Cotton)

ലോകവ്യാപകമായി വസ്ത്രങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന വസ്തുവാണ് പരുത്തി. പരുത്തിച്ചെടിയിൽ നിന്ന് ലഭിക്കുന്ന പഞ്ഞി നൂലാക്കിയാണ് വസ്ത്രനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. പ്രാചീനകാലം മുതൽ ഇന്ത്യയിൽ പരുത്തി കൃഷി ചെയ്തിരുന്നു.


ചണം (Jute)

ചണച്ചെടിയിൽ നിന്നാണ് ചണം ഉൽപാദിപ്പിക്കുന്നത്. ഒരു പ്രകൃതിദത്ത നാരാണ് ചണം. ലോകത്ത് ചണം കൃഷിയുടെ ഭൂരിഭാഗവും ഇന്ത്യയിലെ ഫലഭൂയിഷ്ഠമായ ഗംഗാതീരത്താണ്. വിദേശികൾ തുണിവ്യവസായത്തിനായി ഇന്ത്യയിൽ നിന്ന് ധാരാളമായി ചണം കൊണ്ടുപോയിരുന്നു.


നീലം ചെടി (Indigo)

ആദ്യകാലങ്ങളിൽ വസ്ത്രങ്ങൾക്ക് നിറം കൊടുക്കാൻ നീലം ചെടിയിൽ നിന്നുണ്ടാക്കുന്ന ചായം ഉപയോഗിച്ചിരുന്നു. പിന്നീട് നീലത്തിൽ വിവിധ കൂട്ടുകൾ ചേർത്താണ് വ്യത്യസ്തങ്ങളായ നിറങ്ങൾ ഉണ്ടാക്കിയിരുന്നത്.

നമ്മുടെ നാട്ടിലും നിരവധി കൈത്തറി കേന്ദ്രങ്ങളുണ്ട്. കണ്ണൂർ, തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, തൃശൂർ ജില്ലയിലെ കുത്താമ്പുള്ളി എന്നിവ പ്രധാന കൈത്തറി കേന്ദ്രങ്ങളാണ്.



കൈത്തറി വസ്ത്രങ്ങൾ


ശാസ്ത്രപുരോഗതി വസ്ത്രനിർമ്മാണരംഗത്ത് പുതിയ യന്ത്രങ്ങളുടെ കണ്ടുപിടിത്തത്തിന് കാരണമായി. ചിത്രത്തിൽ കാണുന്ന സ്പിന്നിംഗ് ജെന്നി അത്തരത്തിലൊന്നാണ്.



### സ്പിന്നിംഗ് ജെന്നി (Spinning Jenny)

ജെയിംസ് ഹാർഗ്രീവ്സാണ് സ്പിന്നിംഗ് ജെന്നി കണ്ടുപിടിച്ചത്. കൈകൊണ്ടുള്ള നൂൽ ഉൽപാദനം അക്കാലത്തെ വസ്ത്രവ്യവസായ ആവശ്യത്തിന് തികയുമായിരുന്നില്ല. സ്പിന്നിംഗ് ജെന്നിയുടെ കണ്ടുപിടിത്തം നൂൽ ഉൽപാദനം വേഗത്തിലാക്കി.

ജനസംഖ്യയിലെ വർധനവ് വസ്ത്രത്തിന്റെ ആവശ്യകത വർധിപ്പിച്ചു. പുതിയ യന്ത്രങ്ങൾ നെയ്ത്തുവിദ്യയുടെ ഭാഗമായി. അവ മനുഷ്യപ്രയത്നം കുറച്ചു. കൈത്തറിയുടെ സ്ഥാനത്ത് യന്ത്രത്തറി വന്നു.



### യന്ത്രത്തറി (Powerloom)

എഡ്മണ്ട് കാർട്ട്റൈറ്റാണ് യന്ത്രത്തറി കണ്ടുപിടിച്ചത്. വൈദ്യുതിയുടെയോ മറ്റേതെങ്കിലും ഊർജസ്രോതസ്സിന്റെയോ സഹായത്താലാണ് യന്ത്രത്തറി പ്രവർത്തിപ്പിക്കുന്നത്. കൈത്തറിയെക്കാൾ വളരെ വേഗത്തിൽ കൂടുതൽ തുണി ഉൽപാദിപ്പിക്കാൻ യന്ത്രത്തറിക്ക് കഴിയും.



യന്ത്രവൽകൃത വസ്ത്രനിർമാണം

യന്ത്രവൽക്കരണത്തിന്റെ ഫലമായി കൂടുതലായി ഉൽപാദിപ്പിച്ച തുണികൾ വിറ്റഴിക്കാൻ കമ്പോളങ്ങൾ തേടി യൂറോപ്യർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സഞ്ചരിച്ചു. കൂട്ടത്തിൽ അവർ ഇന്ത്യയിലും എത്തി. തുണിവ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഇന്ത്യയിൽ നിന്ന് അവർ യൂറോപ്പിലേക്ക് കൊണ്ടുപോയി. യന്ത്രങ്ങളുടെ സഹായത്തോടെ അവിടെ ഉൽപാദിപ്പിച്ച തുണികൾ ഇന്ത്യയിലെത്തിച്ച് വിറ്റഴിച്ചു.

**യൂറോപ്യർ**

ഭൂമിയിലെ ഏഴുവൻകരകളിലൊന്നാണ് യൂറോപ്പ്. ഈ വൻകരയിലുള്ള ജനതയെയാണ് യൂറോപ്യർ എന്ന് വിളിക്കുന്നത്. യൂറോപ്പിൽ നിന്നും കച്ചവടത്തിനായി ഇന്ത്യയിൽ എത്തിയവരാണ് പോർച്ചുഗീസുകാർ (പോർച്ചുഗൽ), ഡച്ചുകാർ (നെതർലൻഡ്സ്), ഇംഗ്ലീഷുകാർ (ഇംഗ്ലണ്ട്), ഫ്രഞ്ചുകാർ (ഫ്രാൻസ്) എന്നിവർ. ഇന്ത്യയെ കോളനിയാക്കി മാറ്റിയ അവർ ഇവിടെനിന്നുള്ള അസംസ്കൃത വസ്തുക്കൾ അവരുടെ ദേശങ്ങളിലേക്ക് കൊണ്ടുപോയി. ഇക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ കാലം ഇന്ത്യയെ കോളനിയാക്കി വച്ചിരുന്നത് ഇംഗ്ലീഷുകാരാണ്.

സമൂഹത്തിൽ വന്ന മാറ്റങ്ങളും വസ്ത്രനിർമ്മാണത്തെ കാര്യമായി സ്വാധീനിച്ചു. വസ്ത്രങ്ങളുടെ ആവശ്യകതയിൽ ഉണ്ടായ വർധനവ് കൂടുതൽ നവീനമായ നെയ്ത്ത്തുയന്ത്രങ്ങളുടെ വികാസത്തിന് വഴിതെളിച്ചു. യന്ത്രങ്ങളുടെ സഹായത്തോടെ ഉൽപാദനം വർധിച്ചു. ഗുണമേന്മയുള്ളതും വൈവിധ്യമാർന്നതുമായ വസ്ത്രങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തി. വസ്ത്രങ്ങൾക്ക് നിറം നൽകാൻ കൃത്രിമ ചായങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.



വൈവിധ്യമാർന്ന വസ്ത്രങ്ങളും തുണികളും

നമ്മൾ ഇന്ന് ഉപയോഗിക്കുന്ന ഭൂരിഭാഗം വസ്ത്രങ്ങളിലും കാണുന്ന വർണ്ണവൈവിധ്യം ഇത്തരത്തിലുള്ള ചായങ്ങൾ ചേർത്ത് ഉണ്ടാക്കുന്നതാണ്.

യന്ത്രങ്ങൾ ഉപയോഗിച്ച് വസ്ത്രങ്ങൾ നിർമ്മിക്കാൻ തുടങ്ങിയതോടെ ആ രംഗത്തുണ്ടായ ഗുണപരമായ മാറ്റങ്ങൾ ശ്രദ്ധിക്കൂ.

**യന്ത്രങ്ങളുടെ ഉപയോഗം വസ്ത്രനിർമ്മാണത്തിൽ വരുത്തിയ മാറ്റങ്ങൾ**

- വസ്ത്ര ഉൽപാദനത്തിലെ വർധനവ്
- മനുഷ്യരുടെ അധ്വാനഭാരത്തിലെ കുറവ്
- വസ്ത്രങ്ങളിലെ വൈവിധ്യം
- ഗുണമേന്മയുള്ള വസ്ത്രങ്ങൾ
- വസ്ത്രങ്ങളുടെ വ്യാപനം
-
-



യന്ത്രങ്ങളുടെ ഉപയോഗം വസ്ത്രനിർമ്മാണത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ചർച്ചചെയ്യൂ.

വസ്ത്രനിർമ്മാണത്തിന് പ്രകൃതിദത്ത നാരുകളും കൃത്രിമ നാരുകളും ഉപയോഗിക്കുന്നു. ജന്തുക്കളിൽ നിന്നും സസ്യങ്ങളിൽ നിന്നുമാണ് പ്രകൃതിദത്ത നാരുകൾ ഉൽപാദിപ്പിക്കുന്നത്. കൃത്രിമ നാരുകളുടെ കണ്ടുപിടിത്തം വ്യത്യസ്തഘടനയും ഗുണമേന്മയുമുള്ള തുണിത്തരങ്ങളുടെ നിർമ്മാണത്തിലേക്ക് വഴിതെളിച്ചു. പോളിസ്റ്റർ, നൈലോൺ തുടങ്ങിയ കൃത്രിമ നാരുകളുടെ ഉപയോഗം കൂടുതൽ ഈടുനിൽക്കുന്നതും ചെലവ് കുറഞ്ഞതുമായ വസ്ത്രനിർമ്മാണത്തിന് സഹായിച്ചു.

**വസ്ത്രനിർമ്മാണത്തിന് ഉപയോഗിക്കുന്ന നാരുകൾ**

**പ്രകൃതിദത്ത നാരുകൾ**

ജന്തുക്കളിൽ നിന്ന്

*ഉദാഹരണം*

ചെമ്മരിയാടിൽ നിന്ന് കമ്പിളി നാരും പട്ടുനൂൽ പുഴുവിൽ നിന്ന് പട്ടിന്റെ നാരും നിർമ്മിക്കുന്നു.

സസ്യങ്ങളിൽ നിന്ന്

*ഉദാഹരണം*

പരുത്തി, ചണം ചെടികളിൽ നിന്ന് യഥാക്രമം പരുത്തിനാരും ചണനാരും നിർമ്മിക്കുന്നു.

**കൃത്രിമ നാരുകൾ**

പെട്രോളിയം പോലുള്ള രാസ വസ്തുക്കളിൽ നിന്നാണ് കൃത്രിമ നാരുകൾ ഉൽപാദിപ്പിക്കുന്നത്. പ്രകൃതിദത്ത നാരുകളെക്കാൾ കൃത്രിമ നാരുപയോഗിച്ചുള്ള തുണിത്തരങ്ങൾ ഉൽപാദിപ്പിക്കുന്നതിന് പൊതുവേ ചെലവ് കുറവാണ്. പെട്ടെന്ന് ചുളിവുണ്ടാവില്ല എന്ന മേന്മയും ഇതിനുണ്ട്.

*ഉദാഹരണം*

പോളിസ്റ്റർ, നൈലോൺ, റയോൺ എന്നിവ

പ്രകൃതിജന്യ നാരുകൾ ഏതൊക്കെ ജീവികളിൽ നിന്നും സസ്യങ്ങളിൽ നിന്നുമാണ് ഉൽപാദിപ്പിക്കുന്നതെന്ന് കണ്ടെത്തി പട്ടിക പൂർത്തീകരിക്കൂ.

| | |
|---|---|
| കമ്പിളി | ................................... |
| പട്ട് | പട്ടുനൂൽപ്പുഴു |
| പരുത്തി | പരുത്തിച്ചെടി |
| ചണം | ................................... |


നിങ്ങളുടെ പ്രദേശത്തെ തുന്നൽകട സന്ദർശിച്ച് പാഴ്തുണിക്കഷണങ്ങൾ ശേഖരിക്കൂ. പ്രകൃതിദത്ത നാരുകളും കൃത്രിമനാരുകളും കൊണ്ടുണ്ടാക്കിയ തുണികൾ വേർതിരിച്ച് ചാർട്ടിൽ ഒട്ടിച്ച് ക്ലാസിൽ പ്രദർശിപ്പിക്കൂ.


## വസ്ത്രങ്ങളിലെ വൈവിധ്യം

വ്യത്യസ്ത കാലാവസ്ഥയിൽ അതിനനുയോജ്യമായ വസ്ത്രങ്ങളല്ലേ നമ്മൾ ധരിക്കുന്നത്? കാലാവസ്ഥയുടെ മാറ്റത്തിന് അനുസരിച്ച് മാത്രമാണോ വസ്ത്രധാരണത്തിൽ വ്യത്യാസങ്ങൾ ഉണ്ടാകുന്നത്?

തന്നിട്ടുള്ള ചിത്രങ്ങൾ നിരീക്ഷിച്ച് അവയിലെ വസ്ത്രങ്ങൾ ഓരോന്നും ഏതേത് സാഹചര്യങ്ങളിലാണ് ഉപയോഗിക്കുന്നത് എന്ന് കണ്ടെത്തി പട്ടികയിൽ ചിത്രത്തിന്റെ നമ്പർ രേഖപ്പെടുത്തൂ.


1


2


3


4


5


6


| കാലാവസ്ഥ | രോഗപ്രതിരോധം | അധികാരം/പദവി | തൊഴിൽ |
|---|---|---|---|
| 1 | | | |

വിവിധ സാഹചര്യങ്ങളിലെ വസ്ത്രധാരണത്തെ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

കാലാവസ്ഥ, ആചാരം, അധികാരസ്ഥാനങ്ങൾ, തൊഴിൽ, പ്രാദേശിക വ്യത്യാസങ്ങൾ ഇവയെല്ലാം വസ്ത്രധാരണത്തെ സ്വാധീനിക്കുന്നു. വസ്ത്രം മാത്രമല്ല വസ്ത്രത്തോടൊപ്പം ധരിക്കുന്ന ആഭരണങ്ങൾ, തൊപ്പികൾ, പാദരക്ഷകൾ എന്നിവയിലെല്ലാം ഈ വൈവിധ്യം കാണാൻ കഴിയും.

ഇന്ന് വസ്ത്രത്തിലും വസ്ത്രധാരണ രീതിയിലും വളരെയേറെ വൈവിധ്യങ്ങളും സമാനതകളും നമുക്ക് കാണാം. കാലാവസ്ഥ, യാത്ര ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ പരിഗണിച്ച് അനുയോജ്യമായ വസ്ത്രം തിരഞ്ഞെടുക്കുന്നവരാണ് നമ്മളിലധികവും.

വസ്ത്രവൈവിധ്യം പ്രകടമായി കാണാൻ കഴിയുന്ന മറ്റൊരു മേഖല കലാരംഗമാണ്. വർണവൈവിധ്യമുള്ള വസ്ത്രങ്ങൾ ഉൾക്കൊള്ളുന്ന കലാരൂപങ്ങൾ കാണാൻ നമുക്ക് ഏറെ ഇഷ്ടമല്ലേ?




വ്യത്യസ്ത കലാരൂപങ്ങൾ

തന്നിരിക്കുന്ന ചിത്രങ്ങളിലെ വസ്ത്രാലങ്കാരങ്ങൾ നിരീക്ഷിച്ച് അവ ഏതേത് കലാരൂപങ്ങളുടേതാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

- 
- 
- 
- 
- 
- 

വിവിധ കലാരൂപങ്ങളിലെ വസ്ത്രവൈവിധ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യൂ.

## വസ്ത്രധാരണത്തിലെ വിവേചനങ്ങൾ



ശ്രീഉത്രംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട്.

നമ്പർ-178. M. E. 1034. / A. D. 1859.

ശ്രീപത്മനാഭദാസ വഞ്ചിബാല മാർത്താണ്ഡ
വർമ്മ കുലശെഖരകിരീടപതി മന്നെ
സുൽത്താൻ മഹാരാജരാജെ ഭാഗ്യോ
ദയ രാമരാജാബഹാദർ ഷംഷെർ
ജംഗ മഹാരാജാ അവർകൾ
സകലമാനപെർക്കും പ്രസിദ്ധ
പ്പെടുത്തുന്ന വിളംബരം.

ചാന്നാട്ടികളിടെ മെലിൽശീല സംഗതിയെക്കുറിച്ചു ൧൦൦൪-മാണ്ടു മകരമാസം ൨൫-നു- ചെയ്തിട്ടുള്ള വിളംബരത്തിലെ നിബന്ധനകളെക്കൊണ്ടു സങ്കടം ഉള്ളതായി നാം അറിവാൻ ഇടവന്നിരിക്കകൊണ്ടും എല്ലാ ആളുകൾക്കും സങ്കടംകൂടാതെ ആകുന്നെടത്തൊളവും നടത്തിക്കണമെന്നു നമുക്കു വളരെ മനസ്സായിരിക്കകൊണ്ടും ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നത എന്തെന്നാൽ —

ക്രിസ്തുമതത്തിൽ ചെർന്നിരിക്കുന്ന ചാന്നാട്ടികളെപ്പൊലെ ശെഷം ചാന്നാട്ടികളും കുപ്പായം ഇട്ടുകൊള്ളുകയൊ മുക്കുവത്തികളെപ്പൊലെ എല്ലാ മതത്തിൽ ഉള്ള ചാന്നാട്ടികളും കട്ടിശ്ശീലകൊണ്ടു ഉടുത്തുകെട്ടിക്കൊള്ളുകയൊ മെൽജാതിയിൽ ഉള്ള സ്ത്രീകളെപ്പൊലെ അല്ലാതെ മറ്റു എതുവിധത്തിൽ എങ്കിലും മാറു മറച്ചുകൊള്ളുകയൊ ചെയ്യുന്നതിനു വിരൊധം ഇല്ലായ്ക്കകൊണ്ടു ഈ വിവരം സകലമാനപെരും അറിഞ്ഞു നടന്നുകൊള്ളുകയും വെണം.

എന്നു ൧൦൩൪-മാണ്ടു കർക്കടകമാസം ൧൫-നു-.

തെക്കൻ കേരളത്തിലെ താഴ്ന്ന ജാതിക്കാർ എന്ന് പറയപ്പെട്ടിരുന്ന വിഭാഗങ്ങളിലെ സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കുന്നതിനുള്ള അവകാശം അനുവദിച്ചുകൊണ്ട് 1859 ൽ അന്നത്തെ തിരുവിതാംകൂർ രാജാവായ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ പുറപ്പെടുവിച്ച വിളംബരമാണിത്.

ഈ വിളംബരത്തിൽ നിന്ന് എന്താണ് നിങ്ങൾക്ക് മനസ്സിലാകുന്നത്?

അന്ന് നിലനിന്നിരുന്ന ജാതിവ്യവസ്ഥ ചില വിഭാഗം ജനങ്ങളെ ഇഷ്ടപ്പെട്ട വസ്ത്രങ്ങൾ ധരിക്കുന്നതിൽ നിന്ന് തടഞ്ഞിരുന്നു എന്നാണ് ഈ വിളംബരം നമ്മോട് പറയുന്നത്.

### തിരുവിതാംകൂർ

തെക്കൻ കേരളത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും മധ്യകേരളത്തിലെ ചെറിയൊരു ഭാഗവും ഇന്ന് തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരി ജില്ലയും ഉൾപ്പെട്ട നാട്ടുരാജ്യമായിരുന്നു തിരുവിതാംകൂർ. പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയുടെ കാലത്താണ് തിരുവിതാംകൂർ നാട്ടുരാജ്യം വിസ്തൃതി പ്രാപിച്ചത്. 1956 ൽ കേരള സംസ്ഥാനരൂപീകരണത്തോടെ ഈ നാട്ടുരാജ്യം കേരള സംസ്ഥാനത്തിന്റെ ഭാഗമായി.

### മേൽമുണ്ട് സമരം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തെക്കൻ തിരുവിതാംകൂറിൽ സ്ത്രീകൾ മാറുമറയ്ക്കുന്നതിന് വേണ്ടി നടത്തിയ സമരമാണ് മേൽമുണ്ട് സമരം. അക്കാലത്ത് ഉയർന്ന ജാതിയിൽപ്പെട്ടവരെന്ന് പറയപ്പെട്ട സ്ത്രീകൾക്ക് മാത്രമേ മേൽവസ്ത്രം ധരിക്കുവാനുള്ള അവകാശം ഉണ്ടായിരുന്നുള്ളൂ. താഴ്ന്ന ജാതിക്കാരായി കരുതപ്പെട്ടിരുന്ന വിഭാഗങ്ങളിലെ സ്ത്രീകൾക്ക് മേൽജാതിക്കാരുടെ മുന്നിൽ മാറ് മറയ്ക്കാനുള്ള അവകാശം ഉണ്ടായിരുന്നില്ല. ഇതിനെതിരെ 19 ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഈ അവകാശം നേടിയെടുക്കുന്നതിനായി നടത്തിയ സമരമാണ് മേൽമുണ്ട് സമരം.

വസ്ത്രധാരണത്തിൽ നിലനിന്നിരുന്ന അവകാശനിഷേധങ്ങളെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

## വസ്ത്രം ഒരു സമരായുധം

പലതരം ചൂഷണങ്ങൾക്കെതിരെ ഒരു സമരായുധമായി വസ്ത്രത്തെ കഴിഞ്ഞ കാലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന പോരാട്ടങ്ങൾ.

ഖാദിയും ചർക്കയും നൂൽനൂൽപ്പും വിദേശവസ്ത്ര ബഹിഷ്കരണവും ഗാന്ധിജി സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാക്കി. ചർക്കയിൽ നൂൽനൂറ്റുണ്ടാക്കുന്ന ഖാദിവസ്ത്രങ്ങളെയാണ് ഗാന്ധിജി പ്രോത്സാഹിപ്പിച്ചത്. ഖാദിവസ്ത്രങ്ങൾ ധരിക്കുവാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇത്തരത്തിൽ സ്വദേശി വസ്ത്രങ്ങൾ നിർമ്മിച്ച്, ഉപയോഗിച്ചുകൊണ്ട് വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കാനാണ് ഗാന്ധിജി ആവശ്യപ്പെട്ടത്.



ഇന്ത്യൻ ജനത വിദേശവസ്ത്രങ്ങൾ ബഹിഷ്കരിച്ച് നശിപ്പിക്കുന്നു



ചർക്കയിൽ നൂൽ നൂൽക്കുന്ന ഗാന്ധിജി

വസ്ത്രത്തെയും വസ്ത്രധാരണത്തെയും സമരായുധമാക്കിക്കൊണ്ട് അദ്ദേഹം സ്വാതന്ത്ര്യ സമരം ഒരു ബഹുജന പ്രക്ഷോഭമാക്കി മാറ്റി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സ്വദേശി പ്രസ്ഥാനത്തിന്റെ പ്രതീകമായി ചർക്ക മാറി. ഖാദിവസ്ത്രം ധരിക്കലും ഖാദിത്തൊപ്പി അണിയലും ദേശാഭിമാനത്തിന്റെ അടയാളമായി.

### സ്വദേശി പ്രസ്ഥാനം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി 1905 ആഗസ്റ്റ് 7 നാണ് സ്വദേശി പ്രസ്ഥാനം ആരംഭിച്ചത്. ബ്രിട്ടീഷ് നിർമ്മിത വസ്തുക്കൾ ഉപേക്ഷിക്കുകയും ഇന്ത്യൻ നിർമ്മിത വസ്തുക്കളുടെ ഉൽപാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. സ്വദേശി പ്രസ്ഥാനം ആരംഭിച്ച ആഗസ്റ്റ് 7 ദേശീയ കൈത്തറി ദിനമായി 2015 മുതൽ ഇന്ത്യയിൽ ആചരിച്ചു വരുന്നു.

### ഖാദിപ്രസ്ഥാനം

1918 ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ആരംഭിച്ച പ്രസ്ഥാനമാണ് ഖാദി പ്രസ്ഥാനം. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഖാദിക്ക് സവിശേഷമായ സ്ഥാനമുണ്ട്. ഖാദിപ്രസ്ഥാനം ശക്തമായതോടെ ഇന്ത്യൻ ഗ്രാമങ്ങളിൽ നിന്ന് ചർക്കയുടെ ശബ്ദം ഉയർന്നു. ഖാദിവസ്ത്രത്തിന്റെ പ്രചാരം ഇന്ത്യയിലെമ്പാടും വ്യാപകമായി.

ചർക്കയും ഖാദിവസ്ത്രവും ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരായുധമായി മാറിയത് എങ്ങനെ? പോസ്റ്റർ തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കൂ.

## വസ്ത്രധാരണ രംഗത്തെ പുത്തൻ പ്രവണതകൾ

എന്നും ഒരേ തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കാനാണോ നിങ്ങൾ ഇഷ്ടപ്പെടുന്നത്?

വസ്ത്രധാരണത്തിൽ നിങ്ങൾക്ക് എന്തെല്ലാം താൽപര്യങ്ങളാണുള്ളത്?

ചിത്രങ്ങൾ നിരീക്ഷിക്കൂ..



വസ്ത്രനിർമ്മാണ രീതിയിൽ മാത്രമല്ല, രൂപകല്പനയിലും ശൈലിയിലും ഉപയോഗത്തിലും ദിനംപ്രതി മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. വ്യക്തിപരമായ മുൻഗണനകളും താല്പര്യങ്ങളും സൗകര്യങ്ങളും ഇന്നത്തെ വസ്ത്രധാരണത്തെ ശക്തമായി സ്വാധീനിക്കുന്നുണ്ട്.

സൗന്ദര്യ സങ്കല്പത്തിലെ മാറ്റത്തിനനുസരിച്ച് പുത്തൻ വേഷവിധാനത്തിലും കൗതുകകരമായ വളർച്ചയുണ്ടായി. പരസ്യങ്ങൾ, സിനിമകൾ, സാമൂഹ്യമാധ്യമങ്ങൾ തുടങ്ങിയവ വസ്ത്രങ്ങളുടെ തിരഞ്ഞെടുപ്പിനെ കാര്യമായി സ്വാധീനിക്കുന്നുണ്ട്.

പരസ്യങ്ങൾ, സിനിമകൾ, സമൂഹമാധ്യമങ്ങൾ തുടങ്ങിയവ വസ്ത്രങ്ങളുടെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്നത് എങ്ങനെയെല്ലാമെന്ന് ചർച്ച സംഘടിപ്പിക്കൂ.

ഇന്ന് ഫാഷൻ ഡിസൈനിംഗ്, എംബ്രോയിഡറി തുടങ്ങിയ മേഖലകൾ ധാരാളം തൊഴിലവസരങ്ങൾ തുറന്നിടുന്നുണ്ട്. 'ഫാഷൻ ഡിസൈനിംഗ്' ഇന്ന് വലിയ തൊഴിൽ സാധ്യതയുള്ള ഒരു പഠനമേഖലയായി വളർന്നിരിക്കുന്നു.




എംബ്രോയിഡറി ചെയ്ത വസ്ത്രം



ഫാഷൻ ഡിസൈനിംഗ്

വസ്ത്രനിർമ്മാണ രംഗത്തെ വിവിധ തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്ന് നോക്കാം.




ഉപയോഗിച്ചതും ആവശ്യമില്ലാത്തതുമായ വസ്ത്രങ്ങളെ എങ്ങനെ ഉപയോഗപ്രദങ്ങളായ സാമഗ്രികളാക്കി മാറ്റാം?

പാഴ്‌വസ്ത്രങ്ങൾ കൊണ്ട് പരവതാനിയുമായി പ്രവൃത്തിപരിചയമേളയിലെ പ്രതിഭകൾ

പഴയ വസ്ത്രങ്ങൾകൊണ്ട് കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുമായി മലപ്പുറം ജില്ലാ പഞ്ചായത്ത്

'സാരി തരൂ..സഞ്ചി തരാം' പദ്ധതിയുമായി വടകര നഗരസഭ

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് വസ്ത്ര സമാഹരണയജ്ഞവുമായി സന്നദ്ധ സംഘടനകൾ

തന്നിട്ടുള്ള തലക്കെട്ടുകൾ നിരീക്ഷിക്കൂ.

വാങ്ങുന്ന എല്ലാ വസ്ത്രങ്ങളും നിങ്ങൾ ഉപയോഗിക്കാറുണ്ടോ?

ഉപയോഗിച്ചുകഴിഞ്ഞ വസ്ത്രങ്ങൾ കൊണ്ട് കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?

ലോകത്താകെ ടൺ കണക്കിന് വസ്ത്രങ്ങളാണ് വലിച്ചെറിയപ്പെടുന്നത്. ഇത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു. ഉപയോഗിക്കാത്ത വസ്ത്രങ്ങളും ഉപേക്ഷിക്കുന്ന വസ്ത്രങ്ങളും നമ്മുടെ നാട്ടിൽ വർധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം വസ്ത്രങ്ങൾ എങ്ങനെ വീണ്ടും ഉപയോഗിക്കാം?

ചിത്രങ്ങൾ നിരീക്ഷിക്കൂ.



നമുക്കും ഇത്തരം കരകൗശല ഉൽപന്നങ്ങൾ നിർമ്മിക്കാൻ കഴിയുമോ?

വസ്ത്രധാരണത്തിലെ നാൾവഴികൾ നിരീക്ഷിച്ചാൽ ആദ്യകാലത്ത് ശരീരസംരക്ഷണത്തിനാണ് പ്രാധാന്യം നൽകിയിരുന്നതെന്ന് കാണാം. തുടർന്ന് ഭൂപ്രകൃതിയും കാലാവസ്ഥയും വസ്ത്രനിർമാണത്തിലും വസ്ത്രധാരണരീതിയിലും സ്വാധീനം ചെലുത്തി. മാറിവരുന്ന സൗന്ദര്യ സങ്കല്പങ്ങളും സാംസ്കാരികവൈവിധ്യങ്ങളും വർത്തമാന കാലത്തെ വസ്ത്രധാരണരീതിയെ സ്വാധീനിക്കുന്നു.

ഇഷ്ടവസ്ത്രം ധരിക്കുമ്പോൾ നമുക്ക് അഭിമാനവും ആത്മവിശ്വാസവും വർധിക്കില്ലേ?

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ വസ്ത്രം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകണം. അതിനുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം.



## തുടർപ്രവർത്തനങ്ങൾ

1. നിങ്ങളുടെ പ്രദേശത്തെ ഏതെങ്കിലും കൈത്തറി കേന്ദ്രം സന്ദർശിച്ച് അവിടത്തെ വസ്ത്രനിർമ്മാണ രീതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക.
2. 'ഇന്ത്യൻ സംസ്ഥാനങ്ങളിലെ വസ്ത്രവൈവിധ്യം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രവൈവിധ്യത്തിന്റെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
3. വൈവിധ്യമാർന്ന വസ്ത്രങ്ങൾ സുലഭമായി ലഭിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ, മുൻതലമുറയുടെ കാലത്ത് വസ്ത്രങ്ങളുടെ ലഭ്യത പരിമിതമായിരുന്നു. വസ്ത്രത്തിലും വസ്ത്രധാരണരീതിയിലും വന്ന മാറ്റങ്ങളെക്കുറിച്ച് വീട്ടിലെ മുതിർന്നവരോട് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുക.
4. വ്യത്യസ്ത കലകളുടെ ചിത്രങ്ങൾ ശേഖരിച്ച് 'കലയിലെ വസ്ത്രവൈവിധ്യം' എന്ന ആൽബം തയ്യാറാക്കൂ.
5. നിങ്ങളുടെ വീട്ടിലെ പഴയ തുണികൾ ശേഖരിച്ച് ക്രാഫ്റ്റ് വർക്ക് ചെയ്ത് സാമൂഹ്യശാസ്ത്ര ക്ലബിൽ പ്രദർശിപ്പിക്കൂ.
6. സ്കൂളിൽ വസ്ത്രശേഖരണ സെന്റർ സ്ഥാപിച്ച് പഴയതും വൃത്തിയുള്ളതുമായ തുണികൾ ശേഖരിക്കൂ. നിങ്ങളുടെ സ്കൂളിന് സമീപത്തുള്ള വയോജന മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവിടങ്ങളിൽ ടീച്ചറുടെ സഹായത്തോടെ ഇവ എത്തിച്ചു നൽകുമല്ലോ.